# മത്സ്യബന്ധന വികസനം, പരിപാലനം, ഉപജീവനം എന്നിവയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ

590 കിലോമീറ്റർ കടൽത്തീരമുള്ള കേരളത്തിന്റെ ഒരു പ്രധാന ഭക്ഷ്യ -തൊഴിൽ ആശ്രയ മേഖലയാണ് കടലും മത്സ്യ ബന്ധനവും അനുബന്ധ തൊഴിലുകളും.കേരളത്തിന്റെ തീരദേശ മത്സ്യ സമ്പത്ത് ഭക്ഷ്യ സുരക്ഷയ്ക്കൊപ്പം കേരളത്തിലെ മത്സ്യ തൊഴിലാളികളുടെ നിത്യ സാമ്പത്തിക ജീവനോപാധിയാണ്. അന്താരാഷ്ട്ര മത്സ്യ വിപണിയിലും പ്രാദേശിക മത്സ്യ വിപണിയിലും കേരള മത്സ്യ വിപണനം കുതിക്കുമ്പോഴും കേരളത്തിലെ മത്സ്യ തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥ എവിടെ എത്തി നിലക്കുന്നു എന്നും സാമൂഹിക സാമ്പത്തിക അസമത്വങ്ങളെ ഇല്ലാതാക്കാന് കൊണ്ടുവന്ന അധികാര വികേന്ദ്രീകരണ സംവിധാനങ്ങൾ മത്സ്യ തൊഴിലാളികളുടെ ജീവിതത്തില് എങ്ങനെ ഇടപ്പെടുന്നു എന്നീ ചോദ്യത്തിന്മേലാണ് ഈ പഠനം.

കേരളത്തിലെ 4 ഗ്രാമപഞ്ചായത്തുകളെയും 1 മുനിസിപ്പാലിറ്റിയും എടുത്താണ് ഈ പഠനം നടത്തിയത്. തൃശ്ശൂര് ജില്ലയിലെ വലപ്പാട്,മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റി,കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി പഞ്ചായത്ത്,കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്ത് ,തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് പഞ്ചായത്ത് എന്നിവയാണ് പഠന വിധേയമാക്കിയത്.

കേരളത്തിലെ തീരദേശ ഗ്രാമങ്ങളെ ഭരണാവശ്യങ്ങൾക്കായി മത്സ്യ ഗ്രാമങ്ങളായി തിരിച്ചിട്ടുണ്ട് . കേരളത്തിൽ മൊത്തം 335 മത്സ്യ ഗ്രാമങ്ങളാണ് ഉള്ളത് . അതിൽ 222 തീര മത്സ്യ ഗ്രാമങ്ങളും 113 ഉൾനാടൻ മത്സ്യ ഗ്രാമങ്ങളുമാണ്. രജിസ്റ്റർ ചെയ്ത സജീവ മത്സ്യത്തൊഴിലാളികൾ 247849, രജിസ്റ്റർ ചെയ്ത അനുബന്ധ തൊഴിലാളികൾ, 92124.

## മത്സ്യ ഭവൻ

ഫിഷറീസ് മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ സേവനങ്ങളും ആനുകൂല്യങ്ങളും ഒറ്റ കുട കീഴിൽ നടപ്പിലാക്കുന്ന സംവിധാനമാണ് മത്സ്യഭവൻ. ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, മത്സ്യ ബോർഡ്, മത്സ്യ കർഷക വികസനം ഏജൻസികൾ (FFDA), സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൻ (SAF), കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്സിഡിസി), അകാകൾച്ചർ കേരളയുടെ വികസനത്തിനുള്ള ഏജൻസി (ADAK), ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA) തുടങ്ങിയവയുടെ സേവനങ്ങൾ ഇതിന് കീഴിൽ ലഭ്യമാണ്.

## പ്രാദേശിക ഭരണ സംവിധാനം

മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണം, മത്സ്യ വിപണനത്തിന് സഹായം നൽകുക,മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി നടപ്പാക്കൽ, മത്സ്യ വിത്തുൽപാദനം മെച്ചപ്പെടുത്തുകയും സന്താനങ്ങളുടെ വിതരണവും, കുളങ്ങളിൽ മത്സ്യകൃഷി, ശുദ്ധജലത്തിലും ഉപ്പുവെള്ളത്തിലും മത്സ്യകൃഷി, മാരികൾച്ചർ എന്നിവയുടെ വികസനം എന്നിവയൊക്കെയാണ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ മൂന്നാം ഷെഡ്യൂൾ പ്രകാരം മത്സ്യബന്ധന മേഖലയിലെ ഗ്രാമപഞ്ചായത്തുകളുടെ പ്രധാന മേഖലാ പ്രവർത്തനങ്ങൾ.


### സാഫ് ,തീരമൈത്രി

മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികവും സാമൂഹികവുമായ വിമോചനത്തിനായി ലാഭകരമായ ബദൽ സ്വയം തൊഴിലിൽ ഏർപ്പെടാൻ അവരെ പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും കൈപിടിച്ചുയർത്തുകയും ചെയ്യുന്ന SAF-ന്റെ പ്രധാന പരിപാടിയാണ് തീരമിത്രി പ്രോഗ്രാം.കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ബദൽ ഉപജീവനമാർഗങ്ങൾ പ്രോത്സാഹിപ്പിക്കുക വഴി സമഗ്രമായ സുസ്ഥിര വികസനത്തിനും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നതാണ് തീരമായിത്രിയുടെ ലക്ഷ്യം. മൈക്രോ എന്റർപ്രൈസസ് ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം,പരിശീലനം എന്നിവ നൽകുന്നു

## ചേമഞ്ചേരി പഞ്ചായത്ത്

| മത്സ്യ ബന്ധന ഗ്രാമം | രജിസ്റ്റര് ചെയ്തവര് |
|---|---|
| എടക്കടവ് | 589 |
| കണ്ണങ്കടവ് | 550 |

കോഴിക്കോട് ജില്ലയിലെ കാപ്പാട് ബീച്ച് ഉൾപ്പെടുന്ന പ്രദേശമാണ് ചേമഞ്ചേരി. എടക്കടവ് ,കണ്ണങ്കടവ് എന്നീ മത്സ്യ ഗ്രാമങ്ങളാണ് പ്രധാനമായും ചേമഞ്ചേരി പഞ്ചായത്തിലുള്ളത്. പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രധാന ക്ഷേമ പരിപാടികൾ മത്സ്യ തൊഴിലാളികളുടെ കുട്ടികള്ക്ക് ഉപകരണങ്ങളായ പഠന മേശ,കസേര എന്നിവ നൽകലാണ്. സുരക്ഷാ സംവിധാനമായ ലൈഫ് ജാക്കറ്റ് നൽകലും ,മത്സ്യ വിപണനത്തിനായി ഐസ് ബോക്സ് നൽകലും മുൻ വര്ഷങ്ങളില് നടന്നെങ്കിലും , 2020-2021 കൊറോണ വന്ന വര്ഷം ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. സുഭിക്ഷം പദ്ധതിയുടെ മത്സ്യ കൃഷി പദ്ധതിക്കുവേണ്ടി ഫണ്ട് നീക്കി വച്ചു എങ്കിലും 2021 -2022 വര്ഷത്തില് പദ്ധതി നടപ്പിലാക്കാന് കഴിഞ്ഞിട്ടില്ല.





വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ ദൂരത്തിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് പുനർഗേഹം. ഈ പദ്ധതി ഇവിടെ നടപ്പിലാക്കി വരുന്നു. ഫിഷറീസ് ഡിപ്പാർട്മെന്റ് ന്റെ വിവിധ പദ്ധതികൾ മത്സ്യ തൊഴിലാളി കുട്ടികള്ക്ക് വേണ്ടിയുള്ളതാണ്. സ്കോളർഷിപ്പ് ,പി സ് സി കോച്ചിങ് തുടങ്ങിയവ. തൊഴിലാളികള്ക്ക് അൾട്രാ സൌണ്ട്ർ -ജിപിഎസ് തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള ഉപകരണങ്ങൾ സബ് സീഡി നിരക്കിൽ നല്കുന്നുണ്ട്. എങ്കിലും കാലവസ്ഥ വ്യതിയാനം മൂലമുള്ള തൊഴിൽ ലഭ്യത കുറവ് അതുപോലെ കുടിവെള്ള പ്രശ്നം എന്നിവ ഇനിയും പൂർണമായി പരിഹരിക്കപ്പെട്ടിട്ടില്ലാത്ത എന്നാല് പുതിയ പദ്ധതികള് വരേണ്ടിയിരിക്കുന്ന പ്രശ്ന മേഖലകളാണ് . അഞ്ച് ലക്ഷത്തില് കുറവ് ചിലവ് മാത്രമാണ് പഞ്ചായത്ത് 2017-2022 കാലഘട്ടത്തില് മത്സ്യ തൊഴിലാളികൾ ക്കായി ചെലവഴിച്ചത് ഇത് ഒരു പ്രധാന പോരായ്മയാണ്. പദ്ധതികളുടെ വൈവിധ്യതയോ പുതിയ പദ്ധതികളോ മത്സ്യ തൊഴിലാളികളുടെ ഉന്നമനത്തിനായി വേണ്ടതുണ്ട്. കടൽ സുരക്ഷാ മാർഗങ്ങൾക്കായി പഞ്ചായത്ത് ഒരു സംവിധാനവും ചെയ്തിട്ടില്ല.

## പരപ്പനങ്ങാടി

| മത്സ്യ ബന്ധന ഗ്രാമം | രജിസ്റ്റര് ചെയ്തവര് |
|---|---|
| ആലുങ്ങൽ ബീച്ച് | 2743 |

| | |
|---|---|
| അരയൻ കടപ്പുറം | 1168 |
| പരപ്പനങ്ങാടി | 2030 |
| പരപ്പനങ്ങാടി(ഉൾനാടൻ) | 414 |

മലപ്പുറം ജില്ലയിൽ അറബിക്കടലീന്റെ തീരത്ത് 6.8 കി.മി. നീളത്തിലുള്ള കടലോര മേഖലയിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നുണ്ട്. ഈ വിഭാഗം മത്സ്യ ബന്ധനമേഖലയെ ആശ്രയിച്ചാണ് കഴിയുന്നത് വിദ്യാഭ്യാസപരമായും സാമ്പത്തിക പരമായും ഒട്ടേറെ പിന്നിൽ നിൽക്കുന്ന ഒരു മേഖലയാണിത്.പഠന ഉപകരണം ,വല ,മത്സ്യ കൃഷി,ഫ്ലോക്ക് എന്നിവയ്ക്കാണ് മുനിസിപ്പാലിറ്റി ഏറ്റവും കൂടുതല് മുൻ തൂക്കം കൊടുത്തിട്ടുള്ളത്. 2020-2021 കൊറോണ വന്ന വര്ഷം ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല.




കടൽ ക്ഷോഭത്തിന്റെ സമയത്തും ഓഖി സമയത്തും പ്രശ്നങ്ങള് ഉണ്ടായിരുന്നു. പ്രളയം മേഖലയെ ബാധിച്ചിട്ടില്ലെങ്കിലും. ആലുങ്ങല് ബീച്ചില് കടൽ ക്ഷോഭത്താൽ കുറച്ച് വീടുകള് തകർന്നിരുന്നു.എന്നാല് പൂർണമായും അത് പുനര് നിരമിക്കാന് കഴിഞ്ഞിട്ടില്ല. ഹാരബർ വരുന്നതിനു മുന്പ് കടൽ ഭീഷണിയും വീടുകളില് വെള്ളം നിറയുന്ന പ്രേഷങ്ങള് എല്ലാം ഉണ്ടായിരുന്നെങ്കിലും ഹർബർ വരുകയും പുലിമുട്ട് നിർമാണം നടക്കുകയും ,കൂറ്റന് കല്ലുകള് സ്ഥാപികുകയും ചെയ്തത് വഴി കടൽ കയറ്റം ഒരു പരിധിവരെ കുറയ്ക്കാന് കഴിഞ്ഞിട്ടുണ്ട്. ഡിപാർട്മെന്റ് വഴി വിദ്യാർഥികള്ക്ക് പല ആനുകൂല്യങ്ങളും (സൈക്കിള്,ഗ്രാന്റ്) കിട്ടിയിരുന്നെങ്കിലും കുടിവെള്ള പ്രശ്നവും ഇന്റര്നെറ്റ് ലഭ്യത തുടങ്ങിയ കാര്യങ്ങളില് ഇനിയും പരിഹാരം കാണേണ്ടിയിരിക്കുന്നു. കൊറോണ സമയത്തെ പിൻവാങ്ങലിന് അപ്പുറം മറ്റ് വര്ഷങ്ങളില് മികച്ച പ്രവര്ത്തനം മത്സ്യ തൊഴിലാളികള്ക്ക് നടപ്പിലായക്കിയതായി ചെലവ് കണക്കുകള് കാണിക്കുന്നുണ്ട്. സാഫ് ന്റെ


കീഴില് 1 തീര മൈത്രി സീ ഫുട് റെസ്റ്റോറണ്ടും 36 തീര മൈത്രി മൈക്രോ എന്ററെര് പ്രൈസ്കളും ഉണ്ട്. കൊറോണ ചെറിയ വെല്ലുവിളികൾ സൃഷ്ടിച്ചെങ്കിലും എല്ലാം വിജയകരമായി തന്നെ പോകുന്നുണ്ട്.

# ആലപ്പാട്

| മത്സ്യ ബന്ധന ഗ്രാമം | രജിസ്റ്റര് ചെയ്തവര് |
|---|---|
| ആലപ്പാട് | 708 |
| ചെറിഴീക്കൽ | 1909 |
| കുഴിത്തുറ | 619 |
| പണ്ടാര തുരുത്ത് | 979 |
| പറയകടവ് | 483 |
| ശ്രയിക്കാവ് | 902 |
| വെള്ളനാം തുരുത്ത് | 744 |
| അഴീക്കൽ | 3389 |

കൊല്ലം ജില്ലയിലെ ഒരു തീരദേശ ഗ്രാമമാണ് ആലപ്പാട്. അറബിക്കടലിനും ടിഎസ് കനാലിനും ഇടയിലുള്ള ഇടുങ്ങിയ കരയിലാണ് ഇത് സ്ഥിതിചെയ്യുന്നത് - ഗ്രാമത്തിന് ഏകദേശം 16 കിലോമീറ്റർ നീളമുണ്ട്. അരയ സമുദായത്തിലെ ഉന്നമനത്തിനായി പ്രവർത്തിച്ച പ്രാദേശിക നേതാക്കളുടെ പ്രവാര്ത്തനങ്ങള് സമുദായത്തിന്റെ വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്. താരതമ്യേനെ വിദ്യാഭ്യാസം നേടിയ ഒരു സമൂഹമാണ് ഇവിടെ ഉള്ളത്.

സുനാമി മൂലം 143 പേർ ഇവിടെ മരിച്ചിട്ടുണ്ട്. സുനാമി പുനരധിവാസം മികച്ച രീതിയില് നടക്കുകയും അടച്ചുറപ്പുള്ള മികച്ച വീടുകള് ഉള്ള ഒരു സമൂഹമാണ് ഇവിടെ ഉള്ളത്. കടലിനോട് ചേർന്ന് തന്നെ താമസം ഉള്ളതിനാൽ മത്സ്യ ബന്ധനത്തിന് കൂടുതൽ സൗകര്യം ആയതിനാൽ പുനർഗേഹം പദ്ധതി ഇവിടെ വലിയ പരാജയമാണ്. 70 ഓളം വീടുകൾ മാത്രമാണ് പുനർഗേഹം വഴി ഉണ്ടാക്കിയത്. പുതിയ സ്ഥലം വാങ്ങുന്നതിനുള്ള മാർക്കറ്റ് വിലയും വീട് വക്കുന്നതിന് ആവശ്യമായ തുക തികയാതെ പോവുന്നതും ഈ പദ്ധതിയുടെ ഇവിടത്തെ പോരായ്മ യാണ്.




പഞ്ചായത്തിന്റെ കീഴില് കഴിഞ്ഞ അഞ്ചു വർഷത്തില് പഠന ഉപകരണങ്ങൾക്കാന് ഏറ്റവും കൂടുതല് പ്രാധാനയം കൊടുത്തത് . 2017-2018 2019-2020 വർഷത്തില് ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. സൌര റാന്തൽ ,കുളം കുത്താനുള്ള ഫണ്ട് എന്നിവ കൊടുത്തിട്ടുണ്ട്.

ഇവിടെ മിക്ക തൊഴിലാകളികൾക്കും സ്വന്തമായി വള്ളമുണ്ട് . സ്വയം പര്യാപ്തത നേടിയ ഇവര് ടെക്നോളജി അഡാപ്റ്റ ചെയ്ത ഫിഷിങ് രീതികൾ തുടങ്ങി കഴിഞ്ഞിട്ടുണ്ട്. മത്സ്യ ഭവൻ വഴി കട്ട മരം(10%) ,പഠന ഉപകരണങ്ങൾ . ടോള് മാസങ്ങളില് അധിക റേഷന് എന്നിവ നൽകാറുണ്ട് . ഉപ്പ് വെള്ളമായതിനാൽ മത്സ്യ കൃഷി പ്രോൽസാഹിപ്പിക്കുന്ന പദ്ധതികള് ഇവിടെ പരാജയമാണ് കേജ് കൃഷിയാണ് കൂടുതൽ നല്ലത് . കടൽ കയറുന്ന സാഹചര്യമുള്ളതിനാൽ തീരദേശ തീരദേശ വികസന കോർപ്പറേഷൻ, ഹാർബർ എൻജിനിയറിങ് ഡിവിഷൻ എന്നിവയുമായി സഹകരിച്ച് ചെല്ലാനം മോഡല് ഫെൻസിങ് ഇവിടെ വരുന്നുണ്ട് .കുടിവെള്ള പ്രശ്നം പൂർണമായി പരിഹരിക്കാന് കഴിഞ്ഞിട്ടില്ല.

## അഞ്ചുതെങ്ങ്

| മത്സ്യ ബന്ധന ഗ്രാമം | രജിസ്റ്റർ ചെയ്തവര് |
|---|---|
| പൂത്തുറ | 640 |
| അഞ്ചുതെങ്ങ് | 2517 |
| താഴം പള്ളി | 613 |
| മാമ്പള്ളി | 2026 |
| കായിക്കര | 136 |
| അരിവാളം | 36 |
| | 5968 |

തിരുവനന്തപുരം ജില്ലയുടെ വടക്ക് പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ഒരു തീര ദേശ ഗ്രാമമാണ് അഞ്ചുതെങ്ങ്. കിഴക്ക് അഞ്ചുതെങ്ങ് കായലിനാലും പടിഞ്ഞാറ് അറബിക്കടലിനാലും ചുറ്റപ്പെട്ടുകിടക്കുന്ന 3.36 ചതുരശ്ര കിലോ മീറ്റർ പ്രദേശം മാത്രമാണ് അഞ്ചുതെങ്ങ് പഞ്ചായത്തിനുള്ളത്. മത്സ്യ ബന്ധനമാണ് പ്രധാന തൊഴിൽ മേഖല, കയർ മേഖലയിലെ തൊഴിൽ സാധ്യത കുറഞ്ഞതോടെ ആളുകള് മറ്റ് ജോലിയിലേക്ക് പ്രവേശിച്ചു. പഞ്ചായത്തിലെ പ്രധാന പ്രശ്നം പാർപ്പിടം ,കുടിവെള്ളം എന്നിവയാണ്.


ഫിഷറീസ് ഡിപ്പാർട്മെന്റ് വഴി നടത്തുന്ന പദ്ധതികളിൽ പ്രധാനം മത്സ്യ ബന്ധന യാനങ്ങള്ക്ക് എഞ്ചിൻ വിതരണം ചെയ്യല്, കടൽ സുരക്ഷാ ഉപകരണങ്ങൾ കൊടുക്കല്, വിവിധ വിദ്യാഭ്യാസ പദ്ധതികള് നടത്തല് എന്നിവയാണ് . വിദ്യാത്തീരം പദ്ധതി എൻട്രൻസ് കോച്ചിങ് ,സിവില് സർവീസ് കോച്ചിങ്,പി എസ് സി കോച്ചിങ് എന്നിവ നല്കുന്നുണ്ട് . ഓരോ മത്സ്യ ഗ്രാമങ്ങളിലെയും വില്ലേജ് മാനേജ്മെൻറ് കൌൺസിലി ന്റെ കീഴില് വിവിധ അവബോധ പഠന ക്ലാസ്സുകളും , എഡ്യു ഫെസ്റ്റ് ,മെഡിക്കല് കാമ്പും വച്ചിട്ടുണ്ട് .

സാഫ് ഈ പഞ്ചായത്തിൽ ബദൽ തൊഴിൽ മാർഗങ്ങൾ നല്കി കൊണ്ടിരിക്കുന്നു . സ്ത്രീകള്ക്ക് ഗ്രൂപ് പ്രവാര്ത്തനങ്ങള് പലിശ രഹിത ലോണുകള് നല്കി ജീവിത മാർഗം സുസ്ഥിരമാക്കാന് സഹായിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തില് ഹോട്ടല് ,തയ്യല് കടകൾ ,തുണിക്കടകൾ, മൂല്യ വർദ്ദിത ഉല്പ്പന്നങ്ങള് എന്നിവയുടെ വിപണനം സാദ്ധ്യമാക്കാന് സാധിക്കുന്നു . SCRS-SAVINGS COME RELIEF SCHEME, ശുചിത്വ സാഗര സുന്ദര തീരം, കടലോര നടത്താം മെഴുക് തിരി യാത്ര എന്നിനങ്ങനെയുള്ള വിവിധ പദ്ധതികൾക്കപ്പുറം തീരമൈത്രി കൌൺസിലിന്റെ നേതൃത്വത്തിലും വിവിധ പ്രവാര്ത്തനങ്ങള് നടന്നുവരുന്നു.

രണ്ടു പ്രളയങ്ങളോ ഓഖി ചുഴലികാറ്റോ പ്രദേശത്തെ ബാധിച്ചില്ലെങ്കിലും,പല സമയങ്ങളിലെ കടല് കയറ്റം തീരദേശങ്ങളിലെ വീടുകളുടെ അവസ്ഥ ശോചനീയമാക്കിയിട്ടുണ്ട്. വേലിയേറ്റ മേഖലയില് 50 മീറ്റര് ചുറ്റളവില് താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുന്ന സര്ക്കാരിന്റെ പുനർഗേഹം പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നു. അതുവഴി സ്ഥലവും വീടും അല്ലെങ്കില് വീട് മാത്രമോ ആയി മൊത്തം 10 ലക്ഷം രൂപ ഉപഭോകതാക്കളക്ക് കിട്ടും. പാർപ്പിട പ്രശ്നങ്ങള് ഒരു പരിധിവരെ പുനഗേഹം പദ്ധതി യും ലൈഫ് പദ്ധതിയും വഴി തീർപ്പാക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. അവിടെ കണ്ട പ്രധാന പ്രശ്നം പലർക്കും മതിയായ രേഖകൾ ഇല്ലാത്തതും താരതമ്യേന വിദ്യാഭ്യാസം കുറവായ ഇവർക്ക് ഇടനിലക്കാരുടെ സഹായം കൈപ്പറ്റേണ്ടി വരുന്നു. പഞ്ചായത്തിൽ 5968 റജിസ്റ്റർ ചെയ്തിട്ടുണ്ട്.

കഴിഞ്ഞ അഞ്ചു വർഷമായി പഞ്ചായത്തിന്റെ പ്രധാന ക്ഷേമ പദ്ധതിയാണ് മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് വിതരണം ചെയ്യുന്ന മേശ കസേര

തുടങ്ങിയ പഠന ഉപകരണങ്ങൾ,ഉന്നത വിദ്യാഭ്യാസം നേടുന്നവരക്കായുള്ള ലാപ് ടോപ്പ് എന്നിവ . മത്സ്യ തൊഴിലാളികലക്കായി കട്ട മരം ,ഐസ് ബോക്സ്, ഗിൽ വല എന്നിവ മത്സ്യ ബന്ധനത്തിനും വിപണനത്തിനും സഹായകരമാവുന്നുണ്ട്. വനിതകള്ക്ക് ഇൻസുലാറ്റെഡ് ബോക്സ് വിതരണം വഴി വനിതകളുടെ തൊഴിൽ ,ക്ഷേമ പ്രവാര്ത്തനങ്ങള് സാധ്യമാക്കുന്നു.. കഴിഞ്ഞ 2 വർഷമായി തുടങ്ങിയ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി,കുളത്തിലെ മത്സ്യ കൃഷി പ്രോൽസാഹിപ്പിക്കൽ എന്നിവ പുതിയ പരീക്ഷണങ്ങള്ക്ക് കഴിയുന്നുണ്ട് .





പുനർഗേഹം പദ്ധതി പ്രകാരം 777 പേര് ഭൂമി രജിസ്റ്റര് ചെയ്തു ഇനി ചെയ്യാന് 2017 പേര് ഉണ്ട് . രേഖകാൾ ഇല്ലാത്ത ആളുകള് ഉണ്ട് . കുടിവെള്ളം പ്രശ്നം ഇപ്പോഴും ഇവര് നേരിടുന്ന പ്രധാന വെല്ലുവിളി തന്നെയാണ്.

## വലപ്പാട്

| മത്സ്യ ബന്ധന ഗ്രാമം | രജിസ്റ്റര് ചെയ്തവര് |
|---|---|
| ചപ്പള്ളിപ്പുറം | 793 |

തൃശ്ശൂര് ജില്ലയിലെ ചെറിയ തീരദേശ പ്രദേശമാണ് ചപ്പള്ളിപ്പുറം മത്സ്യ ഗ്രാമം ഉൾപ്പെടുന്ന വലപ്പാട് പഞ്ചായത്ത് . 4 വാർഡുകളിലായി സ്ഥിതി

ചെയ്യുന്ന മത്സ്യ തൊഴിലാളികളാണ് ഇവിടെയുള്ളത്. എല്ലാ വര്ഷങ്ങളിലും പദ്ധതികള് വയ്ക്കുകയും നടപ്പിലാക്കുന്നതിന്റെയും കാര്യത്തില് വികജയിക്കാന് വലപ്പാട് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട് . പഠന ഉപകരണതിനപ്പുറം മത്സ്യ ത്തിഴയിലാളികള്ക്ക് വല ,റാന്തൽ,ഐസ് ബോക്സ് സൈക്കിള് എന്നിവ നല്കിയിട്ടുണ്ട്. വീട്ടു മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കാനും പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട് . കൊറോണ കാലത്തെ പരിമിതിക്കുള്ളിലും ലാപ്ടോപ് വിതരണത്തിനും മത്സ്യ കൃഷി പോലുള്ള പദ്ധതികള് നടപ്പിലാക്കാന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട് . വലപ്പാട് പഞ്ചായത്തിലെ തീരമൈത്രി പ്രവാര്ത്തനങ്ങള് പ്രശംസനീയമാണ് 26 മൈക്രോ സംരഭക യൂണിറ്റുകള് പഞ്ചായത്തിൽ പ്രവരത്തിക്കുന്നുണ്ട് . എന്നാല് തീരദേശ സംരക്ഷണവുമായി ബന്ധപ്പെട്ടോ സുരക്ഷയുമായി ബന്ധപ്പെട്ടോ പഞ്ചായത്തിന്റെയോ മത്സ്യ ഭവന്റെയോ പ്രവാര്ത്തനങ്ങള് കുറവാണ്.




## പ്രധാന കണ്ടെത്തലുകൾ

തിരഞ്ഞെടുത്ത പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളില് നിന്നും പ്രധാനമായും മനസ്സിലാക്കാന് കഴിയുന്ന പൊതു കാര്യങ്ങളാണ്.

ഈ കാലഘട്ടത്തില് മത്സ്യ തൊഴിലാളികളും തീരദേശവാസികളും നേരിടുന്ന പ്രധാന വെല്ലുവിളി കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും മൂലം ഉണ്ടാകുന്ന പ്രകൃതി ക്ഷോഭങ്ങളാണ്. ന്യൂനമർദ്ദവും ചുഴലിക്കാറ്റും കടൽ കായറ്റങ്ങളും കടൽ തീരത്തെ അവരുടെ ആവാസത്തെ

ബാധിച്ചിട്ടുണ്ട്. അഞ്ചു തെങ്ങ് പോലുള്ള സ്ഥലങ്ങളില് 2018-2019 വര്ഷത്തെ വെള്ളപ്പൊക്കമോ ഓഖി ചുഴൽ കാറ്റോ ബാധിച്ചിട്ടില്ലെങ്കിലും ഇടക്കിടക്കുള്ള കടൽ കയറ്റം നിരവധി വീടുകളുടെ തകർച്ചയ്ക്ക് കാരണമായിടുണ്ട്. പരപ്പനങ്ങാടി മുനിസിപ്പാലിറ്റിക്ക് കീഴില് വരുന്ന പ്രദേശങ്ങളില് ഓഖി ചുഴലിക്കാറ്റില് വീടുകള് നഷ്ടപ്പെട്ടിട്ടുണ്ട്. ആലപ്പാട് പഞ്ചായത്തിൽ ടൌ -ടൌ ചുഴലിക്കാറ്റ് മൂലം നഷ്ടങ്ങള് സംഭവിച്ചിട്ടുണ്ട്.

ഇംപാക്ട് ന്റെ അടിസ്ഥാനത്തില് പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങൽ നേരിട്ട് നടത്തുന്ന പ്രവാര്ത്തനങ്ങളേ ക്കാള് മത്സ്യ വകുപ്പു നടത്തുന്ന പ്രവർത്തനനങ്ങളാണ് കൂടുതലും. മത്സ്യ ഭവൻ ഘടങ്ങളായ ക്ഷേമ നിധി ബോർഡ് ന്റെ സമ്പാദ്യ സമാശ്വാസ പദ്ധതി, മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം, വിവാഹ ധനസഹായ പദ്ധതി, ചികിത്സാപദ്ധതി, മത്സ്യബന്ധന ഉപകരണങ്ങൾ, ഭവന നിർമ്മാണം, ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയവ.

മിക്ക സ്ഥലങ്ങളിലും കുടിവെള്ളം ഒരു പ്രധാന പ്രശ്നമായി നിലനിലക്കുന്നു. കാലാവസ്ഥ വ്യതിയാനവും കടൽ ക്ഷോഭങ്ങളും ചില പ്രദേശങ്ങളിലെ സാമൂഹിക ജീവിതത്തെ ബാധിക്കുകയും നിത്യ ജീവിത മാർഗങ്ങളില് വെല്ലുവിളികള് ഉയർത്തുകയും ചെയ്തിട്ടുണ്ട്. കേരളം പോലുള്ള ഒരു പ്രദേശം വെള്ളപ്പൊക്കങ്ങള്ക്കും മറ്റ് പ്രകൃതി ദുരന്തങ്ങള്ക്കും ഭാവിയിലും സാധ്യതയുള്ളതിനാൽ ജീവിക്കാന് അനുയോജ്യമായ വീട് ,കുടിവെള്ളം ,സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്ന തൊഴിൽ പരിസരം, സാമൂഹിക സുരക്ഷാ പദ്ധതികൾ എന്നിവ അനിവാര്യമാണ്. വളരെ ബുദ്ധിമുട്ടേറിയ തൊഴിൽ പരിസരത്തുള്ള ഇവർക്ക് സാങ്കേതിക വിദ്യ ജീവിതത്തിന്റെ ഭാഗമാക്കേണ്ടതുണ്ട്. പ്രാദേശിക ഭരണ സംവിധാനത്തിന്റെ കൂടുതല് ഇടപെടലുകള് മത്സ്യ വിപണനത്തിലും തീര സുരക്ഷയിലും മത്സ്യ തൊഴിലാളികളുടെ ജീവനോപാധികളിലും ഇനിയും വേണ്ടതുണ്ട് .

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മറ്റ് ജനറല് വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ദയനീയമാണ്. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ പാർശ്വവൽകൃത സാമൂഹമായി ഇപ്പോഴും തുടരുന്നു. പട്ടികജാതി ,പട്ടിക വർഗ ഉപ പദ്ധതി പോലെ മത്സ്യ തൊഴിലാളികൾക്കായി ഒരു ഉപപദ്ധതി ഇല്ലാത്തതും ഓരോ മേഖലയിലെ പ്രധാന പ്രശ്നങ്ങള് നിർണയിക്കുകയും അതിനു പരിഹാരം കാണാത്തതും മത്സ്യ തൊഴിലാളികളുടെ കാലങ്ങളായുള്ള സ്ഥിതിക്ക് മാറ്റം വരാത്തതിന് കാരണമാണ്. പദ്ധതി വൈവിധ്യത്തിലുള്ള കുറവ് കേരളത്തിലെ പ്രാദേശിക സർക്കാരുകളുടെ വലിയ ഇടപെടല് തീരസുരക്ഷയിലും,മത്സ്യ വിപണന മാർക്കറ്റുകള് ഒരുക്കുന്നതിലും ,സാമൂഹിക സുരക്ഷാ ഒരുക്കുന്നതിലും സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിലും ഇനിയും വരേണ്ടതിന്റെ ആവശ്യകത കാണിക്കുന്നുണ്ട്.

മത്സ്യസഭ പോലുള്ള മത്സ്യ തൊഴിലാളികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്ന അതോടൊപ്പം അവരുടെ ആവശ്യങ്ങള് പറയുകയും അതിനു പരിഹാരം

കാണുന്നതുമായ സംവിധാനങ്ങള് പ്രോത്സാഹിപ്പിക്കുകയും വേണം . തീരമൈത്രി ,സാഫ് പ്രവാര്ത്തനങ്ങള് സ്ത്രീകള് ക്കായി ചെയ്യുന്ന സംരഭക പ്രവാര്ത്തനങ്ങൾ ക്ക് നല്കുന്ന പിന്തുണ പ്രശംസനീയ മാണെങ്കിലും ഇനിയും സ്ത്രീകള്ക്ക് സഹായങ്ങള് ആവശ്യമാണ്. മത്സ്യത്തൊഴിലാളികളുടെ സാമൂഹിക പിന്നാക്കാവസ്ഥ തരണം ചെയ്യാന് വരുമാന വൈവിധ്യവൽക്കരണം വേണം.

ഇന്ത്യ യിലെ എല്ലാ അവകാശങ്ങളോടും കൂടിയ പൌരർ എന്ന നിലയിലും കേരളത്തിലെ ഒരു മുഖ്യ ഭക്ഷ്യ വിഭവം ഉല്പാദിപ്പിക്കുകയും വിപണനം ചെയ്യുന്നവർ , ആ വിപണി കേരളത്തിന്റെ സാമ്പത്തിക മേഖലയില് ഉണ്ടാക്കുന്ന പങ്കിന്റെ വ്യാപ്തിയുടെ അടിസ്ഥാനത്തിലും മത്സ്യ തൊഴിലാളികള് ഏറെ പരിഗണന അർഹിക്കുന്ന ഒരു ജന വിഭാഗമാണ്, എന്നാല് ചരിത്രപരമായി സാമൂഹിക സാമ്പത്തിക അകറ്റി നിർത്തൽ അനുഭവിക്കുന്ന ഈ വിഭാഗം തൊഴിലാളികളുടെ ആവശ്യങ്ങളും അവകാശങ്ങളും സംരക്ഷിക്കേണ്ടതുണ്ട് അതിനു പ്രാദേശിക സർക്കാരുകളുടെ മികച്ച ഇടപെടലുകൾ ഇനിയും ആവശ്യമമാണ്.